കേരള സർക്കാർ

സംഗ്രഹം

വനം-വകുപ്പ് സമാശ്വാസ തൊഴിൽദാന പദ്ധതിപ്രകാരം വനംവകുപ്പിൽ പാർട്ടൈം സ്വീപ്പർ ആയി ജോലി നോക്കിവരവേ അന്തരിച്ച ശ്രീ.പി.എ.തോമസിന്റെ ഭാര്യയായ ശ്രീമതി. റ്റി.ഒ. മേരിക്ക് വനംവകുപ്പിൽ ശിപ്പായായി ജോലി നൽകികൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

വനം, വന്യജീവി (എഫ്) വകുപ്പ്

സ.ഇ.(എം.എസ്) നം.57/94/വനം, തിരുവനന്തപുരം, തീയതി.12.12.94.

---

പരാമർശം: 1. ശ്രീമതി റ്റി.ഒ.മേരി 20.11.90.ൽ സമർപ്പിച്ച അപേക്ഷ.

2. ചീഫ് ഫോറസ്റ്റ് കൺസർവേറ്ററിന്റെ 2.12.91. ലെ ഇ57980/91 നമ്പർ കത്ത്.

3. എറണാകുളം ജില്ലാ കളക്ടറുടെ 28.2.92 ലെ കെ.ഡിസ്.82358/91/ഇ2/നമ്പർ കത്ത്.

ഉത്തരവ്

വനംവകുപ്പിൽ പാർട്ടൈം സ്വീപ്പർ ആയി സേവനമനുഷ്ഠിച്ചുവരവെ 5.8.90-ൽ അന്തരിച്ച ശ്രീ.പി.എ.തോസിന്റെ ഭാര്യ ശ്രീമതി.റ്റി.ഒ.മേരി സർവീസിലിരിക്കേ മരണമടയുന്ന സർക്കാർ ജീവനക്കാരുടെ ആശ്രിതർക്ക് ജോലി നൽകുന്ന പദ്ധതിപ്രകാരം ജോലി ലഭിക്കാൻ പരാമർശം ഒന്നു മുഖേന അപേക്ഷ സമർപ്പിച്ചിരുക്കുന്നു. പ്രസ്തുത അപേക്ഷ പരാമർശം രണ്ട് പ്രകാരം ചീഫ് ഫോറസ്റ്റ് കൺസർവേറ്റർശുപാർശ ചെയ്തിട്ടുണ്ട്. ഈ മൂന്നുഅപേക്ഷയിൻമേൽ അന്വേഷണം നടത്തി ആവശ്യമായ രേഖകൾ സഹിതം പരാമർശം മൂന്നുപ്രകാരം അപേക്ഷ ശുപാർശ ചെയ്തുകൊണ്ട് എറണാകുളം ജില്ലാ കളക്ടറും റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. പരേതന്റെ അനന്തരവകാശികൾ ശ്രീമതി. റ്റി.ഒ.മേരിക്ക് ജോലി നൽകുന്നതിന് സമ്മതപത്രം നൽകിയിട്ടുണ്ട്. അപേക്ഷക നിശ്ചിത സമയത്തുതന്നെ യഥാവിധി അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.

അപേക്ഷകയ്ക്കു സർക്കാർ സർവീസിൽ ശിപായി ആയി നിയമനം ലഭിക്കാനുള്ള യോഗ്യതകൾ ഉണ്ട്. ശ്രീമതി റ്റി.ഒ.മേരിക്ക് ശിപായി ആയി നിയമനം നൽകാൻ 3.6.92-ൽ തീരുമാനമെടുത്തിട്ടുണ്ട്.

ഉദ്യോഗസ്ഥ ഭരണപരിഷ്കാരവകുപ്പിന്റെ 30.8.94 ലെ 12027/അഡ്.സി2/94/ഉ.ഭപഭവ. നമ്പർ സർക്കുലറിലെ നിർദ്ദേശം അനുസരിച്ച് ശ്രീമതി.റ്റി.ഒ.മേരിക്കു വനംവകുപ്പിൽ 775/1065 രൂപ ശമ്പള സ്കെയിലിൽ ശിപായി ആയി നിയമനം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

വയസ്സ്, വിദ്യാഭ്യാസയോഗ്യത തുടങ്ങിയവ പരിശോധിച്ച് 1.4.92 ലെ സ.ഉ.(സ) 20/92/ഉ.ഭപഭ.വ.23/4/92 ലെ സ.ഉ (സ) 45/92/ഉ.ഭ.പ.വ.എന്നീ ഉത്തരവുകൾക്ക് വിധേയമായി നിയമനം നൽകികൊണ്ടുള്ള ഔപചാരികമായ ഉത്തരവ് ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ പുറപ്പെടുവിക്കുന്നതാണ്.

ഗവർണറുടെ ഉത്തരവിൻ പ്രകാരം)

(ഒപ്പ്)
എസ്.ഭവാനി ദേവി.
ജോയിന്റ് സെക്രട്ടറി.

ശ്രീമതി. റ്റി.ഒ.മേരി.

പുത്തൻപുര വീട്, കുറിച്ചിറകോട്,

കോമ്പനാട് (പി.ഒ)., എറണാകുളം(രജിസ്ട്രേഡ് തപാൽ മുഖേന),

ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (സംരക്ഷണം), തിരുവനന്തപുരം.

// പകർപ്പ്//

മേലെഴുത്ത് നം. ഇ5-57450/94 (കെ.ഡിസ്).

ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ
ആഫീസ് തിരുവനന്തപുരം
തീയതി: 17.12.94.

പകർപ്പ് ഫോറസ്റ്റ് കൺസർവേറ്റർ തൃശ്ശൂർ അയയ്ക്കുന്നു.

സർക്കാർ ഉത്തരവിലെ നിർദ്ദേശപ്രകാരം നിയമനഉത്തരവ് നൽകേണ്ടതാണ്. 26.11.94 ലെ സർക്കാർ നമ്പർ 15347/എഫ്3/94/വനം ലെ നിർദ്ദേശം കർശനമായി പാലിക്കേണ്ടതാണ്. പകർപ്പ് ഇതൊടൊപ്പം അയയ്ക്കുന്നു.

പകർപ്പ് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ മലയാറ്റൂർ അയയ്ക്കുന്നു. ജോലി നൽകി ഉത്തരവായ വിവരം പരേതന്റെ സേവനപുസ്തകത്തിൽ രേഖപ്പെടുത്തി സ്ഥിരീകരിക്കേണ്ടതാണ്.

പകർപ്പ് ഇ4 സെക്ഷൻ/സ്റ്റോക്ക് ഫയൽ.

ചീഫ് ഫോറസ്റ്റ് കൺസർവേറ്റർക്കു വേണ്ടി.